**A** | സമഗ്ര ശിക്ഷാ, കേരളം | **1002**

# പാദവാർഷിക മൂല്യനിർണയം 2023-24

ക്ലാസ് : 10

## മലയാളം

## കേരളപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെ ചോദ്യങ്ങളിൽ 4 എണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക.**
**(1 സ്കോർ വീതം)** **(4 x 1 = 4)**

1. "വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം"

വഹ്നി എന്ന പദത്തിന്റെ അർഥം വരുന്ന പദം ഏത്?

- സ്നേഹം
- ദുഃഖം
- തീ
- വെള്ളം

2. "ഇതു വൈഷമ്യക്കാരനാണ്."

ഈ സന്ദർഭത്തിൽ വൈഷമ്യക്കാരൻ എന്ന പദം സൂചിപ്പിക്കുന്നത്.

- സിംഹക്കുട്ടി
- മോതിരം
- സർവദമനൻ
- കശ്യപൻ

3. താഴെ കൊടുത്തവയിൽ ശരിയായി പിരിച്ചെഴുതിയത് ഏത്?

- പെരുവഴി, യമ്പലം - പെരുവഴിയമ്പലം
- ചെവി, യോർത്തു - ചെവിയോർത്തു
- തുളസി, തറ - തുളസിത്തറ
- പൊട്ടി, ച്ചിതറി - പൊട്ടിച്ചിതറി

4. "പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ."

ഈ വരികളിൽ തെളിയുന്ന നളിനിയുടെ ആഗ്രഹമെന്ത്?

- മരിക്കുന്നതിനു മുമ്പ് ദിവാകരനെ ഒരിക്കലെങ്കിലും കാണണം
- ദിവാകരനെ ഒരിക്കലും കണ്ടുമുട്ടരുത്
- അർഥികളുടെ പ്രാർഥന ഒരിക്കലും സഫലമാകരുത്
- സന്യാസിനിയായി ജീവിതകാലം മുഴുവൻ കഴിയണം

5. "അദ്ദേഹം അടുപ്പുതിണ്ണയുടെ അടുക്കലേക്കു പോയി."

അടുപ്പുതിണ്ണ എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?

- അടുപ്പും തിണ്ണയും
- അടുപ്പ് എന്ന തിണ്ണ
- അടുപ്പുകൊണ്ടുള്ള തിണ്ണ
- അടുപ്പിന്റെ തിണ്ണ

**6 മുതൽ 8 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ വീതം)** **(2 x 2 = 4)**

6. "ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു,
നിൽക്കുമോ യൗവനവും പുനരധ്രുവം?"

(ലക്ഷ്മണസാന്ത്വനം)

ഈ വരികളിൽ തെളിയുന്ന എഴുത്തച്ഛന്റെ ജീവിതവീക്ഷണങ്ങൾ എന്തെല്ലാം? രണ്ടെണ്ണം കുറിക്കുക.

7. അർഥവ്യത്യാസം വരാതെ രണ്ടുവാക്യമാക്കുക.

അങ്ങേയ്ക്കും ഇവനും ഛായ നന്നേ യോജിച്ചുകണ്ടതിനാൽ എനിക്കു വിസ്മയം തോന്നിയതാണ്.

8. "ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ"

(പ്രിയദർശനം)

കാവ്യസന്ദർഭത്തിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ രണ്ടു സൂചനകളായി എഴുതുക.

**9 മുതൽ 14 വരെ ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4 സ്കോർ വീതം)** **(5 x 4 = 20)**

9. "പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം"

(ലക്ഷ്മണസാന്ത്വനം)

മനുഷ്യജീവിതത്തിന്റെ അസ്ഥിരത അവതരിപ്പിക്കാൻ കവി സ്വീകരിച്ച സാദൃശ്യ കൽപനയുടെ ഭംഗി വ്യക്തമാക്കുക.

10. 
- "വായ് പൊളിക്കൂ..സിംഹക്കുട്ടീ, നിന്റെ പല്ല് ഞാൻ എണ്ണട്ടെ."
- "അമ്പ! വലിയ പേടി തന്നെ"

(ഋതുയോഗം)

സന്ദർഭത്തിൽ തെളിയുന്ന സർവദമനന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുക.

(മറുപുറം)

11. 'ക്രോധം പരിത്യജിക്കേണം ബുധജനം'

ഈ ഉപദേശത്തിന്റെ സമകാലികപ്രസക്തി എന്ത്? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

12. "കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി, കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ"

(പ്രിയദർശനം)

ഇളംകുരുന്ന്, വല്ലി തുടങ്ങിയ പ്രയോഗങ്ങൾ കാവ്യസന്ദർഭത്തെ ആസ്വാദ്യകരമാക്കുന്നതെങ്ങനെ? കുറിക്കുക.

13. • "എന്റെ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിച്ചിട്ടില്ല. അവസാനകാലത്ത് തുടരെത്തുടരെ അമ്മ എഴുതിയിട്ടും നാട്ടിൽ വന്നു താമസിക്കാനുള്ള മടികൊണ്ട് പോരാതിരിക്കുകയാണ് ചെയ്തത്."

• "മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ്; താഴത്തു കുഞ്ഞുക്കുട്ടിയമ്മ."

(വിശ്വരൂപം)

കഥാസന്ദർഭത്തിൽ നിന്നും മാഡം തലത്തിനെക്കുറിച്ച് സുധീറിന് ലഭിക്കുന്ന തിരിച്ചറിവുകൾ എന്തെല്ലാം? കുറിപ്പ് തയ്യാറാക്കുക.

14. • "ഭഗവാനേ, എന്റെ ഈശ്വരാ, അതു കട്ടുപോയി, ഇന്നലെ രാത്രി ഇവിടെ വന്ന മനുഷ്യൻ അതു കട്ടു."

• "മദാം മഗ്ലൗർ, ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല. അതു പാവങ്ങളുടെയാണ്." (പാവങ്ങൾ)

പാഠസന്ദർഭങ്ങളിൽ തെളിയുന്ന മദാം മഗ്ലൗറിന്റെയും മെത്രാന്റെയും മനോഭാവങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

**15 മുതൽ 17 വരെ ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(6 സ്കോർ വീതം)** **(2 x 6 = 12)**

15. • "ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുന്നിലും തല കുനിക്കില്ല."

• "എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ, എന്നെ കൊണ്ടുപോയില്ല. ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു..."

(വിശ്വരൂപം)

തന്നിരിക്കുന്ന സൂചനകളും കഥയും പരിഗണിച്ച് മിസ്സിസ്സ് തലത്ത് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

16. • "നിങ്ങളെ കാണാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. അപ്പോൾ, എന്തേ ഇത്? ഞാൻ നിങ്ങൾക്കു മെഴുതിരിക്കാലുകൾ തന്നുവല്ലോ; മറ്റുള്ളവയെപ്പോലെത്തന്നെ അവയും കട്ടിവെള്ളിയാണ്."

• "സ്നേഹിതാ" - മെത്രാൻ പറയാൻ തുടങ്ങി: "നിങ്ങൾ പോകുന്നതിനു മുമ്പ്, ഇതാ നിങ്ങളുടെ മെഴുതിരിക്കാലുകൾ; എടുക്കാം."

(പാവങ്ങൾ)

• "ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമവ്യവസ്ഥ മാത്രമല്ല, തെറ്റുകുറ്റങ്ങൾക്ക് മാപ്പു നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥകൂടി ലോകത്തുണ്ടെന്ന് ഴാങ് തിരിച്ചറിയുന്നതപ്പോഴാണ്."

(ഇ.ഹരികുമാർ)

സൂചനകൾ വിശകലനം ചെയ്ത് 'സാമൂഹ്യമാറ്റത്തിൽ സ്നേഹത്തിന്റെ പ്രാധാന്യം' എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

17. കവിതയുടെ പ്രമേയം, സമകാലികപ്രസക്തി, ആസ്വാദനാംശങ്ങൾ എന്നിവ പരിഗണിച്ച് ആസ്വാദനം തയ്യാറാക്കുക.

**മാതൃഭാരം**

ആയ കാലത്ത്
അമ്പത് കിലോ വിറക് വരെ
അമ്മ
അടുക്കളയിലെത്തിച്ചിരുന്നു
ഒറ്റയ്ക്ക്

അമ്പത് ലിറ്റർ വെള്ളം വരെ
കിണറ്റിൽ നിന്ന് കോരി നിറച്ചിരുന്നു
അച്ഛനും മക്കൾക്കും കുളിക്കാൻ.

അമ്പത് കഴിഞ്ഞപ്പോൾ
അടുക്കളയിലൊന്ന് വീണു
അടുക്കും ചിട്ടയും തെറ്റി
പോക്കും വരവും നിന്നു

ഷുഗറും കൊളസ്ട്രോളും വന്നു
ഇടയ്ക്കിടയ്ക്ക് തൂക്കം നോക്കാൻ
എന്നോട് പറയും

അളക്കാനാവില്ലല്ലോ
അമ്മേ
അടുക്കളയിൽ നീ കഴിച്ചുകൂട്ടിയ
ജന്മത്തിന്റെ ഭാരം.

(സോമൻ കടലൂർ)